# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T5836** **05.07.2013-ൽ മറുപടിക്ക്**

## അജന്താ ജംഗ്ഷനിൽ വർദ്ധിച്ചു വരുന്ന വാഹനാപകടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| ദേശീയപാതയിൽ കായംകുളം കൃഷ്ണപുരം അജന്താ ജംഗ്ഷനിൽ വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടുത്തെ അശാസ്ത്രീയമായ റോഡു നിർമ്മാണവും സിഗ്നൽ സംവിധാനങ്ങളുടെ പോരായ്മകളും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ശാസ്ത്രീയമായ രീതിയിലാണ് നിലവിലുള്ള റോഡ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ വാഹനങ്ങളുടെ അമിതവേഗതയും ശ്രദ്ധക്കുറവും അപകടങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നുണ്ട്. കൂടാതെ ഈ ഭാഗങ്ങളിൽ റോഡിന് വീതി കുറവായതും യാത്രക്കാരുടെയും വാഹനങ്ങളുടെയും വലിയ തോതിലുള്ള വർദ്ധനവും അപകടങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നുണ്ട്. നിർദ്ദിഷ്ട ദേശീയപാത വികസനത്തോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ